**15 -ാം കേരള നിയമസഭ**

**5 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 3841** **15-07-2022 - ൽ മറുപടിയ്ക്ക്**

**ട്രോമാ കെയർ പദ്ധതി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. കെ.വി.സുമേഷ് | | ശ്രീമതി വീണാ ജോർജ്ജ്<br>(ആരോഗ്യ- വനിത-ശിശുവികസന വകുപ്പ് മന്ത്രി) | |
| (എ) | ട്രോമാ കെയർ പദ്ധതി ആരംഭിക്കുന്നതിനുള്ള നടപടി സ്വീകരിച്ചിട്ടുണ്ടോ; വിശദാംശം ലഭ്യമാക്കാമോ; റോഡപകടങ്ങളിൽപ്പെടുന്നവർക്ക് മെച്ചപ്പെട്ട ചികിത്സ ലഭ്യമാക്കുന്നതിന് പദ്ധതി ഉപകാരപ്പെടുമോ? | (എ) | ട്രോമാകെയർ പദ്ധതി നിലവിൽ സംസ്ഥാനം മുഴുവൻ ആരംഭിച്ചിട്ടുണ്ട്. ട്രോമാ കെയറിന്റെ സ്റ്റേറ്റ് പ്ലാൻ അനുസരിച്ച് സ്റ്റേറ്റ് ഹൈവേയുടെയും നാഷണൽ ഹൈവേയുടെയും അരികി ലുള്ള തെരഞ്ഞെടുക്കപ്പെട്ട മേജർ ആശു പത്രി കളിൽ ട്രോമാ കെയർ സംവിധാനം നടപ്പിലാക്കി വരുന്നുണ്ട്.<br><br>തിരുവനന്തപുരം മെഡിക്കൽ കോളേജിൽ എമർജൻസി മെഡിസിൻ വിഭാഗത്തോട നുബന്ധിച്ച് ട്രോമോ കെയർ സജ്ജമാക്കി പ്രവർത്തനം ആരംഭിച്ചിട്ടുണ്ട്.<br><br>കൊല്ലം മെഡിക്കൽ കോളേജിൽ ട്രോമോകെയർ ആരംഭിക്കുന്നതിനായി രണ്ട് സാമ്പത്തികവർഷങ്ങളിലായി 8.10 കോടി രൂപയുടെ ഭരണാനുമതി നൽകിയിട്ടുണ്ട്.<br><br>ആലപ്പുഴ മെഡിക്കൽ കോളേജിൽ കേന്ദ്ര സഹായത്തോടെ ട്രോമോകെയർ സജ്ജമാക്കുന്നതിനായി 2,94,63,567/- രൂപയുടെ ഉപകരണങ്ങൾ വാങ്ങുകയും അടിസ്ഥാന സൗകര്യ വികസനത്തിന്റെ ഭാഗമായി 5 വെന്റിലേറ്ററുകൾ ഉൾപ്പെടെ 15 കിടക്കകളോടുകൂടിയ ഐ.സി.യു, 30 കിടക്കകളോടുകൂടിയ ട്രോമോ വാർഡും ഒരുക്കിയിട്ടുണ്ട്. കൂടാതെ ട്രോമോ കെയർ വിഭാഗത്തിന് പ്രത്യേക ബ്ലോക്ക് നിർമ്മിക്കുന്നതിനായി 29.47 കോടി രൂപ അനുവദിച്ചിട്ടുണ്ട്.<br><br>കോട്ടയം മെഡിക്കൽ കോളേജിൽ ട്രോമോകെയർ പദ്ധതി നിലവിലുണ്ട്. തൃശ്ശൂർ മെഡിക്കൽ കോളേജിൽ ട്രോമോ കെയർ യൂണിറ്റ് ആരംഭിക്കുന്നതിനുള്ള കെട്ടിടം നിർമ്മാണം പൂർത്തിയായി വരുന്നു.<br><br>മഞ്ചേരി മെഡിക്കൽ കോളേജിൽ നിലവിൽ ട്രോമോ കെയർ യൂണിറ്റ് പ്രവർത്തിക്കുന്നില്ലെങ്കിലും |

| | | | |
|---|---|---|---|
| | | | കാഷ്വാലിറ്റി വഴിയുള്ള ട്രോമാ കെയർ സൗകര്യം ഒരുക്കുന്നതിനുള്ള ഉപകരണങ്ങൾ വാങ്ങിക്കുന്നതിനായി 20 ലക്ഷം രൂപയുടെ ഭരണാനുമതി നൽകിയിട്ടുണ്ട്.<br><br>കോഴിക്കോട് മെഡിക്കൽ കോളേജിൽ ലെവൽ 1 ട്രോമോ കെയർ സ്ഥാപിക്കുന്നതിനായി 7,98,91,000/- രൂപ അനുവദി ക്കുകയും കെട്ടിട നിർമ്മാണത്തിനുള്ള നടപടികൾ സ്വീകരിച്ചുവരികയുമാണ്.<br><br>വയനാട് മെഡിക്കൽ കോളേജ് ആയി പ്രവർത്തിക്കുന്ന മാനന്തവാടി ജില്ലാ ആശുപത്രിയിൽ 24 മണിക്കൂറും പ്രവർത്തി ക്കുന്ന ട്രോമോ കെയർ സംവിധാനം നിലവിലുണ്ട്.<br><br>കണ്ണൂർ മെഡിക്കൽ കോളേജിൽ കിഫ്ബി ഫണ്ടുപയോഗിച്ച് ട്രോമോ കെയർ ഫേസ് 1, ഫേസ് 2 എന്നിവ നിർമ്മിക്കുന്നതിന് ഭരണാനുമതി നൽകിയിട്ടുണ്ട്.<br><br>റോഡപകടങ്ങളിൽപെടുന്നവർക്ക് മെച്ചപ്പെട്ട ചികിത്സ ലഭ്യമാക്കുന്നതിന് ഈ പദ്ധതി ഉപകാരപ്പെടുന്നതാണ്. |

സെക്ഷൻ ഓഫീസർ